**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1557** — **13/07/2011-ൽ മറുപടിക്ക്**

**ഓംബുഡ്സ്മാന്റെ മുന്നിൽ വരുന്ന കേസ്സുകളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഓംബുഡ്സ്മാന്റെ മുന്നിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ വരുന്ന കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 2008-2009, 2009-2010 എന്നീ വർഷങ്ങളിൽ എത്ര കേസ്സുകൾ വീതം ഓംബുഡ്സ്മാന്റെ മുന്നിലെത്തിയെന്നും അവയിൽ എത്ര എണ്ണം തീർപ്പു കല്പിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) 2008-09 വർഷത്തിൽ (01-04-08 മുതൽ 31-03-09 വരെ) 1454 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. മുൻവർഷങ്ങളിലെ തീർപ്പാകാതിരുന്ന 881 കേസുകൾ ഉൾപ്പെടെ ആകെ 2335 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കു വന്നു. ഇതിൽ 1199 കേസുകൾ തൻവർഷം തീർപ്പാക്കുകയുണ്ടായി.<br>2009-10 വർഷം (01-04-09 മുതൽ 31-03-10 വരെ) 2045 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി (1989 ഒ. പി. കളും 56 സുവോ-മോട്ടോ കേസുകളും). മുൻവർഷങ്ങളിലെ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന 1136 കേസുകൾ ഉൾപ്പെടെ മൊത്തം 3181 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കു വന്നതിൽ 1412 കേസുകൾ തൻവർഷം തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ